# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155 — 18.03.2015 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലെ പാർട്ട് ടൈം ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകളിൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് ശിപായി തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ള നിരവധി പാർട്ട് ടൈം സ്വീപ്പർമാർ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവരുടെ പ്രൊമോഷൻ ക്വാട്ട വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 187 പ്രകാരം സഹകരണ ബാങ്കിലെ ഒഴിവുകളുടെ 50% നിശ്ചിത യോഗ്യതയുള്ള അംഗസംഘം ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്. അപ്രകാരം പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 50% ൽ നിന്നും 10% ഒഴിവുകൾ, 7 വർഷം സേവനമുള്ളതും പ്യൂൺ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ പാർട്ട്ടൈം സ്വീപ്പർമാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് അർഹതയുള്ള പാർട്ട്ടൈം സ്വീപ്പർമാർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്നതാണ്. ഇവരുടെ പ്രൊമോഷൻ ക്വാട്ട വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) ജില്ലാ സഹകരണ ബാങ്കുകളിലെ സബ് സ്റ്റാഫ് ജീവനക്കാരുടെ പ്രൊമോഷൻ തസ്തിക പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കാത്തത് എന്ത്കൊണ്ടാണെന്ന് പറയാമോ; ഇതു പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ജില്ലാ സഹകരണ ബാങ്കുകളിലെ പ്യൂൺ മുതൽ ജനറൽ മാനേജർ വരെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നത് ജില്ലാ സഹകരണ ബാങ്ക് റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ്. പി.എസ്.സി. മുഖേനയുള്ള നിയമന അവസരം |

ഒഴിവാക്കുംവിധം സബ്സ്റ്റാഫ് ജീവനക്കാരുടെ പ്രൊമോഷൻ തസ്തിക പുന:സ്ഥാപിക്കുന്നത് അഭികാമ്യമല്ല.

സെക്ഷൻ ഓഫീസർ